**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1841** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| കെ . വി . വിജയദാസ് | | **Shri. A. K. Saseendran**<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം IIM കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തനസമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ് / കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി വരുന്നു. 2. കോർപ്പറേഷനെ സ്വയം പര്യാപ്തമായ മൂന്ന് മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി വർധിപ്പിച്ചിട്ടുണ്ട്. 4. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും അക്കൗണ്ടിംഗ് സുതാര്യമാക്കുന്നതിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കോമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്. 5. കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 6. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള |

നടപടികൾ സ്വീകരിച്ച് വരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നത് വരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. 7. കെ.എസ്.ആർ.ടി.സി.യുടെ വായ്പകൾ പുനഃസംഘടിപ്പിച്ചു. 8. പെൻഷൻ വിതരണത്തിനായി പ്രാഥമീക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചു. 9. 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ 1000 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.യ്ക്ക് ബഡ്ജറ്റിൽ വകയിരുത്തി. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അനിശ്ചിതത്തിലായ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ രണ്ടാംഘട്ട പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രഖ്യാപനങ്ങളുടെ ഭാഗമായി KSRTC SWIFT എന്ന ഉപകമ്പനി രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാർക്ക് 2020 നവംബർ മാസത്തിലെ ശമ്പളം മുതൽ 1500 രൂപയുടെ ഇടക്കാല ആശ്വാസം അനുവദിച്ചു. കോവിഡ്-19 കാരണം കെ.എസ്.ആർ.ടി.സി വളരെയധികം സാമ്പത്തിക പ്രതിസന്ധി നേരിട്ടിട്ടുണ്ട്. പ്രതിമാസ വരുമാനം പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ സൂപ്പർഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള സർവ്വീസുകളിൽ 25% നിരക്കിളവ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടൂ വീലർ യാത്രക്കാരെ ആകർഷിക്കുന്നതിനായി Bus on Demand (BOND) സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. ഡബിൾ ഡക്കർ ഹെറിറ്റേജ് സർവ്വീസുകൾ ആരംഭിച്ചു. കൂടുതൽ സർവ്വീസുകൾ ഓൺലൈൻ റിസർവേഷൻ വെബ്സൈറ്റുകളിലും എന്റെ കെ.എസ്.ആർ.ടി.സി മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് കരാറടിസ്ഥാനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി വഴിയും, കോവിഡ്-19 കിറ്റുകൾ കൊണ്ടു പോകുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചു വരുന്നു. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ “Sight seeing” എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന മറ്റൊരു നൂതന പദ്ധതിയിലൂടെ കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യും IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യുവൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾകൂടി (public amenities) ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി E-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കി വരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ